എന്നിവ സ്ഥാപിച്ച് പുതിയ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നു. അക്കാഡമിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് 31-3-2004-ലെ ജി.ഒ. (എംഎസ്.) 802/04/ആഭ്യന്തരം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എം.പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ഇനങ്ങൾ കൂടാതെ പോലീസ് അക്കാഡമിയിലെ പരിശീലന പരിപാടികൾക്കായി പ്രത്യേക കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) വിദേശ മാതൃകയിലുള്ള പരിശീലന പരിപാടികൾ അക്കാഡമിയിൽ നടത്തുന്നില്ല. എന്നാൽ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും കഴിവും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ആധുനിക പരിശീലന പരിപാടികൾ നടത്തി വരുന്നു.

(ഡി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അനുബന്ധം 'എ'-യിൽ ചേർത്തിരിക്കുന്നു.†

(ഇ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നൽകി നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സർക്കാർ ആശുപത്രികളിലേക്കു വാങ്ങുന്ന മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം

*15 [395] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ:
„ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുമ്പോൾ അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ രോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ സംവിധാനമുണ്ടോ;

(സി) പേവിഷ പ്രതിരോധത്തിനുള്ള അഭയറാബ് എന്ന വാക്സിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വ്യക്തമാക്കാമോ;

(ഡി) അഭയറാബ് വാക്സിൻ ഉപയോഗം നിർത്തിവച്ചശേഷം പേവിഷ വാക്സിൻ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളിൽനിന്നും എന്തു തുകയുടെ വാക്സിനാണ് വാങ്ങിയതെന്നു അറിയിക്കാമോ;

(ഇ) പേവിഷ വാക്സിന് അധികവില നൽകിയതുമൂലം സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടായതായി ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതു സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ട് എന്നാണ് ലഭിച്ചത്; പ്രസ്തുത റിപ്പോർട്ട് ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ പ്രീകാളിഫിക്കേഷൻ ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം മാത്രമാണ് വാങ്ങുന്നത്. തിരുവനന്തപുരത്തുള്ള സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിങ്ങ് ലാബിലും സമയബന്ധിതമായി പരിശോധനാഫലം ലഭിക്കേണ്ടതിനാൽ അംഗീകൃത സ്വകാര്യ ലാബുകളിലുമാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. തുടർന്ന് കമ്പനികൾ മരുന്നുകൾ വിതരണം നടത്തുമ്പോൾ ഓരോ മരുന്നിന്റേയും ഓരോ ബാച്ചിന്റേയും സാമ്പിളുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി ഓഫീസിൽ ഏൽപ്പിക്കുന്നു. അവയും മേൽപ്പറഞ്ഞ ലാബുകളിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സർക്കാർ ആശുപത്രികളിൽനിന്നും, മെഡിക്കൽ സ്റ്റോറുകളിൽനിന്നും റാൻഡം സാമ്പിളുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ എടുത്ത് ഗുണനിലവാര പരിശോധനയ്ക്ക് സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയച്ചു പരിശോധിപ്പിക്കുന്നുണ്ട്.

(ബി) ഇല്ല. പരിശോധന ആവശ്യമായി വരുന്ന അവസരങ്ങളിൽ കസൗളിയിലെ സെൻട്രൽ ഡ്രഗ്സ് ലാബിൽ അയച്ചാണ് വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നത്.

(സി) ഉണ്ട്. അഭയറാബ് വാക്സിന്റെ അഞ്ചു ബാച്ചുകളും (ബാച്ച് നം. എവൈബി 85/2001, 86/2001, 89/2001, 90/2001, 91/2001) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെടുത്ത് ഹിമാചൽ പ്രദേശിലെ കസൗളിയിലുള്ള സെൻട്രൽ ഡ്രഗ്സ് ലാബിൽ അയച്ച് ഗുണനിലവാരം പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ഈ വാക്സിൻ സ്റ്റെറിലിറ്റി, അബ്നോർമൽ ടോക്സിറ്റി, വൈറൽ ഇനാക്ടിവേഷൻ തുടങ്ങിയ സുപ്രധാനമായ മൂന്ന് ടെസ്റ്റുകളും പാസ്സായി, എന്നാൽ ഔതിക വീക്ഷണം (ഫിസിക്കൽ ആസ്പെക്ട്) എന്ന ഒരു ഘടകത്തിൽമാത്രം പരാജയപ്പെട്ടു. ടെസ്റ്റ് റിപ്പോർട്ട് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) ഉണ്ട്. എൽ2 ആയ അവന്തീസ് ഫാർമ എന്ന സ്ഥാപനത്തിൽനിന്നും 2,09,68,645 (രണ്ടു കോടി ഒൻപതു ലക്ഷത്തി അറുപത് എണ്ണായിരത്തി അറുനൂറ്റി നാൽപ്പത്തഞ്ചു രൂപ)-യുടെ വാക്സിൻ വാങ്ങിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ് ആന്റ് ജി) ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് 3-1-2004-ൽ ആണ് ഈ വകുപ്പിൽ ലഭിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറെ തൽസ്ഥാനത്തു നിന്ന് മാറ്റുകയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly